II ഇ.ബി. XIII- കേരള നിയമസഭ/XIV-7

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 7, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

16 (*181 &*204) വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, 218 മെഗാവാട്ടിന്റെ പുതിയ 16 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും 5.352 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾക്കും 39.86 മെഗാവാട്ടിന്റെ ബ്രഹ്മപുരം പദ്ധതിക്കും പുറമെ സ്വകാര്യ മേഖലയിൽ 30 വർഷം പ്രവർത്തിച്ചതിനുശേഷം സർക്കാരിലേയ്ക്ക് തിരിച്ചുവരുന്നതായ 23 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 202.6

മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വൻകിട ജലവൈദ്യുത പദ്ധതികൾക്ക് ഫോറസ്റ്റ് ക്ലിയറൻസും പാരിസ്ഥിതികാനുമതിയും ലഭിക്കുന്നതിനുള്ള തടസ്സങ്ങളും കാലതാമസവും പരിഗണിച്ച് പാരിസ്ഥിതികാനുമതി ആവശ്യമില്ലാത്ത 25 മെഗാവാട്ടിൽ താഴെ ഉല്പാദനശേഷിയുള്ള ചെറുകിട ജലവൈദ്യുതി പദ്ധതികൾക്കാണ് ഗവൺമെന്റ് മുൻഗണന നൽകുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയുള്ള ചെറുകിട വൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും സ്വകാര്യ സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നയം രൂപീകരിക്കുകയും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ പതിനെട്ടാമത് പഠന റിപ്പോർട്ടനുസരിച്ച് 2017-ൽ 4670 മെഗാവാട്ടും 2020-21-ൽ 6100 മെഗാവാട്ടും വൈദ്യുതി കേരളത്തിന് വേണ്ടിവരുമെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ദീർഘകാലാവശ്യങ്ങൾ പരിഹരിക്കുന്നതിന് ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന്

മുൻഗണന നൽകിവരുന്നു. ഛത്തീസ്ഗഡിൽ നിന്ന് 2000 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര ഗവൺമെന്റ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അനെർട്ട് പോലെയുള്ള സ്ഥാപനങ്ങളിലൂടെ ചെറുകിട സൗരോർജ്ജ ഉൽപ്പന്നങ്ങളുടെ വിതരണവും മെയിന്റനൻസും നടത്തുന്നതിനും സൗരോർജ്ജ ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിന് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സൗരോർജ്ജ പാനൽ ഉപയോഗിച്ചുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകിവരുന്നുണ്ട്. സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കാൻ തീരുമാനിക്കുകയും പുതുതായി നിർമ്മിക്കുന്ന ഭവനങ്ങൾക്ക് സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്ന കാര്യത്തിന്മേൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതുമാണ്. 25000 ഉപഭോക്താക്കളുള്ള ഇലക്ട്രിക് സെക്ഷനുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

17 (*182) നീതി, നന്മ സ്റ്റോറുകൾ

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, നിലവിൽ കൺസ്യൂമർഫെഡിന്റെ കീഴിൽ 89 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾ കൂടുതലുള്ള ഗ്രാമപ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകി പൊതുജനങ്ങൾക്ക് സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ നിബന്ധനകൾക്ക് വിധേയമായാണ് പ്രസ്തുത സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതെന്നും സഭയെ അറിയിച്ചു. ഇൻസുലിൻ മരുന്നുകൾ 10 ശതമാനവും മറ്റ് മരുന്നുകൾ 10 മുതൽ 40 ശതമാനം വരെയും വില കുറച്ചാണ് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നത്. വരുമാനത്തെക്കാൾ പ്രവർത്തനച്ചെലവ് കൂടിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ഒരു ലക്ഷം രൂപയിൽതാഴെ വിൽപ്പനയുള്ള 7 മെഡിക്കൽ സ്റ്റോറുകൾ നിർത്തലാക്കിയിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഗ്യാരന്റിയിന്മേൽ ബാങ്കുകളിൽ നിന്ന് പണം കടമെടുക്കുന്നതിന്

അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലയർമാർക്ക് കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതാണ്. ക്രമക്കേടുകൾ നടത്തി കൺസ്യൂമർ ഫെഡിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന്റെ പേരിൽ 15 ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കൺസ്യൂമർ ഫെഡിന് കീഴിലുള്ള എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ആവശ്യമായ മരുന്നുകൾ എത്തിച്ച് ജനോപകാരപ്രദമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് എല്ലാ ശ്രമവും നടത്തുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

18 (*183) <u>ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം</u>

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>) നൽകിയ മറുപടിയിൽ, അദ്ധ്യാപക-രക്ഷകർത്ത സംഘടനയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സഹകരണത്തോടെ വനാന്തരങ്ങളിൽ സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിലെ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും തിരികെയും എത്തിക്കുന്നതിനായി

'*ഗോത്രസാരഥി* പദ്ധതി മുഖേന വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം ഇതിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്കൂളുകളിൽ താമസം, ബാഗ്, യൂണിഫോം, ചെരുപ്പ്, ഭക്ഷണം എന്നിവ സൗജന്യമായി നൽകിവരുന്നുണ്ട്. ഹോസ്റ്റലുകളിൽ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്ന കുട്ടികൾക്ക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, ട്യൂഷൻ എന്നിവ നൽകുന്നുന്നതോടൊപ്പം വിവിധ മേഖലകളിൽ അവബോധം വളർത്തുന്നതിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി ലൈബ്രറി സംവിധാനം, സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി, സർഗ്ഗോത്സവം, സഹവാസ ക്യാമ്പ്, നാഷണൽ സർവ്വീസ് സ്കീം എന്നീ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന

വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, വ്യക്തിത്വ വികസനം എന്നിവയിൽ പ്രീ-ട്രെയിനിംഗ് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. പി.എസ്.സി. ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനുവേണ്ടി പ്രത്യേക ട്രെയിനിംഗ് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നുണ്ട്. തൊഴിൽ രഹിതരായ പട്ടികവർഗ്ഗ വനിതകൾക്ക് 500-ഓളം ഓട്ടോറിക്ഷകൾ വാങ്ങി നൽകിയിട്ടുണ്ടെന്നും പത്ത്/പ്ലസ്ടു പാസ്സായ കുട്ടികളെ തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1989 മുതൽ 2208 വരെയുള്ള ചോദ്യങ്ങളിൽ 161 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *